പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1401 20.01.2014 -ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ചെലവ്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ജെയിംസ് മാത്യു** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പു മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ; | എ)<br>കെട്ടിട വിഭാഗം<br>നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മൊത്തം ചെലവ് ഏകദേശം 377 കോടി രൂപ വരും എന്ന് പ്രതീക്ഷിക്കുന്നു<br>കെ എസ് ടി പി<br>ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന രണ്ട് പദ്ധതിക്ക് 2403 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.<br>നിരത്തുകളും പാലങ്ങളും<br>പ്രതീക്ഷിക്കുന്ന മൊത്തം ചെലവ 3239.66 കോടി രൂപ<br>ദേശീയപാതാ വിഭാഗത്തിനെ സംബന്ധിച്ചടത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവർത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 687.82 കോടി രൂപയുടേതാണ്. |
| (ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കിക്കൊടുത്തിട്ടില്ലാത്തവ മൊത്തം എന്ത് തുകയുടെതാണ് ; | ബി)<br>കെട്ടിട വിഭാഗം<br>11/2013 വരെയുള്ള തുക 208.93 കോടി രൂപ<br>കെ എസ് ടി പി<br>പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം കരാറുകാർക്ക് നൽകുന്നുണ്ട്. കുടിശ്ശിക ഇല്ല .<br>നിരത്തുകളും പാലങ്ങളും<br>കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ **07/2013-11/2013** മാസം വരെയുള്ള കുടിശ്ശിക **-491.07** കോടി രൂപ<br>ദേശീയപാതാ വിഭാഗം<br>കോൺട്രാക്ടർമാർ സമർപ്പിച്ച 21.54 കോടി രൂപയുടെ ബില്ലുകൾ ഇനിയും പാസ്സാക്കികൊടുത്തിട്ടില്ലാത്തവയാണ്. |
| ( സി ) ഇതിനകം ഭരണാനുമതി നല്കിയിട്ടുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാൻ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര ; | സി)<br>കെട്ടിട വിഭാഗം<br>**2013-14** സാമ്പത്തിക വർഷത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ പ്രതീക്ഷിക്കുന്ന മൊത്തം |

ചെലവ് അനുബന്ധം I ആയി ചേർക്കുന്നു.

കെ എസ് ടി പി

**2403** കോടി രൂപ

നിരത്തുകളും പാലങ്ങളും വിഭാഗം

പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് **-3017.78** കോടി രൂപ.

ദേശീയപാതാ വിഭാഗം

**605.17** കോടി രൂപയാണ് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ്.

(ഡി) നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വരുന്നതായി കണക്കാക്കുന്ന മൊത്തം തുക എത്രയാണ്; ഇതിനായിതന്നാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; വകയിരുത്തിയ തുകയിൽ ഇതിനകം ചെലവായിട്ടുള്ള തുക എത്രയാണ് എന്നറിയിക്കുമോ?

ഡി)

കെട്ടിട വിഭാഗം

നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിലെ പ്രവൃത്തികൾക്ക് വേണ്ടി വരുന്ന തുക **719.78** കോടി രൂപ. ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.

കെ എസ് ടി പി

രണ്ട് പദ്ധതിക്ക് **2403** കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. **2013-14** സാമ്പത്തിക വർഷം **280.28** കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് . ഇതിൽ ഇതുവരെ **129.25** കോടി രൂപ ചിലവാക്കിയിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും

1. മൊത്തം തുക - **4196.38** കോടി രൂപ
2. **2013-14** ബഡ്ജറ്റിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ വകയിരുത്തിയ തുക – പദ്ധതിയിനം **262.67** കോടി രൂപ, പദ്ധതിയേതരയിനം **840.56** കോടി രൂപ
3. ഇതുവരെ ചെലവായ തുക - പദ്ധതിയിനം **770.35** കോടി, പദ്ധതിയേതരയിനം **511.51** കോടി രൂപ

ദേശീയപാതാ വിഭാഗം

**1.687.82** കോടി രൂപ വേണ്ടി വരുന്നതായി കണക്കാക്കുന്നു.

**2.65.85** കോടി രൂപ **2013-14** ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**3.49.53** കോടി രൂപ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## കെട്ടിട വിഭാഗം

### അനുബന്ധം I

| ക്രമ നം | വകുപ്പ് | തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | പിഡബ്ല്യൂഡി | 6985.15 |
| 2 | ജനറൽ എഡ്യൂക്കേഷൻ | 6477 |
| 3 | ഹയർ എഡ്യൂക്കേഷൻ | 7386.77 |
| 4 | ഹെൽത്ത് & ഫാമിലി വെൽഫയർ | 10608.5 |
| 5 | എക്സൈസ് | 78 |
| 6 | രജിസ്ട്രേഷൻ | 733.5 |
| 7 | ആഭ്യന്തര വകുപ്പ് | 1405 |
| 8 | സോഷ്യൽ ജസ്റ്റിസ് | 303.8 |
| 9 | പ്രസ് & സ്റ്റേഷനറി | 300 |
| | **ആകെ തുക** | 34277.75 ലക്ഷം |

### അനുബന്ധം II

| ക്രമ നമ്പർ | ശീർഷകം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | 11/2013 വരെയുള്ള ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2059 | 11782.23 | 6339.37 |
| 2 | 2216 | 3139.82 | 1216.64 |
| 3 | 4216 | 3510 | 144.5 |
| 4 | 4202 | 16430 | 6818.25 |
| 5 | 3452 | 35 | 2.4 |
| 6 | 4055 | 100 (NP) | |
| 7 | 4058 | 300 | 45 |
| 8 | 4403 | 1190 | 130.97 |
| 9 | 4225 | 9616.71 | 372.56 |
| 10 | 4235 | 600 | 19.58 |
| 11 | 5475 | 200 | Nil |
| 12 | 4210 | 14600 | 5510 |
| 13 | 5452 | 850 | 66.93 |
| 14 | 4404 | Nil | 23.27 |
| 15 | 4250 | Nil | Nil |
| 16 | 4059 | 6690 | 9274.35 |
| | ആകെ | 69043.76 | 29963.82 |

സെക്ഷൻ ഓഫീസർ